# 13 -ാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 673** **02/12/2014 - ൽ മറുപടിയ്ക്ക്**

## ജനനി ജന്മരക്ഷാ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ് | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) ജനനി ജന്മരക്ഷാ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | പട്ടികവർഗ്ഗ മേഖലയിലെ നവജാത ശിശുമരണവും, പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും, കുട്ടികളുടെയും, ആരോഗ്യ സംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് ; വിശദമാക്കുമോ; | (സി) | ഗർഭാവസ്ഥയുടെ 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ് തികയും വരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 18 മാസം ധനസഹായം നൽകി വരുന്നു. പോസ്റ്റോഫീസ് വഴി മണിയോർഡറായി തുക എല്ലാ മാസവും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. |
| (ഡി) പദ്ധതിയുമായി ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**